# STD - V

## അദ്ധ്യാപക സഹായി

**പാഠം – അഞ്ച്　　കുടുംബം ഒരു ദൈവാലയം　　ഭാഗം – ഒന്ന്**

### ലക്ഷ്യം

കുടുംബത്തിൽ ദൈവത്തിന്റെ പ്രതിനിധികളാണ് മാതാപിതാക്കൾ. അവരിലൂടെ നമ്മെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യുന്നത് ദൈവമാണ്. മാതാപിതാക്കളെ അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യും.

### പഠനസഹായികൾ

* വീഡിയോ – ആദത്തിന് ഹവ്വായെ നൽകി – ആദ്യ കുടുംബം
* ചിത്രം – Family Photo + Wedding Photo
* ബൈബിൾ വചനം – മത്താ. 15:4, പ്രഭാ. 3:16, ഉത്പ. 1:28, എഫേ. 6:2

### പാഠത്തിന്റെ ഉള്ളടക്കം

* ലോകത്തിലെ ആദ്യത്തെ കുടുംബം
* കുടുംബം സ്ഥാപിച്ചത് – ദൈവം
* കുടുംബം – സഭയുടേയും സമൂഹത്തിന്റേയും അടിസ്ഥാനം
* കുടുംബത്തിൽ ദൈവത്തിന്റെ പ്രതിനിധികൾ – മാതാപിതാക്കൾ
* മാതാപിതാക്കളെ സ്നേഹിക്കുമ്പോൾ – ദൈവത്തെ മഹത്വപ്പെടുത്തുന്നു
* കുടുംബത്തെ വിശുദ്ധമാക്കുന്നത് – കുടുംബസ്നേഹവും, ഐക്യവും
* മാതാപിതാക്കളുടെ ത്യാഗവും, കരുതലും
* മാതാപിതാക്കളെപ്പോലെ – മുതിർന്നവരേയും സ്നേഹിക്കുകയും ആദരിക്കുകയും വേണം.

### പ്രാർത്ഥന

കുടുംബത്തിന് അടിസ്ഥാനമിട്ട ദൈവമേ, ഞങ്ങളുടെ കുടുംബങ്ങളെ അവിടുത്തെ സാന്നിധ്യത്താൽ സ്നേഹത്തിലും ഐക്യത്തിലും, ദൈവാരാധനയിലും, നിലനിൽക്കുന്ന ഉത്തമ കുടുംബങ്ങളാക്കി മാറ്റണമേ. ആമ്മേൻ.

## ചോദ്യങ്ങൾ

1. ലോകത്തിൽ ആദ്യകുടുംബം സ്ഥാപിച്ചത് ആര്?
2. സഭയുടേയും സമൂഹത്തിന്റേയും അടിസ്ഥാനം എന്ത്?
3. കുടുംബത്തിൽ ദൈവത്തിന്റെ പ്രതിനിധികൾ ആര്?
4. ഒരു കുടുംബത്തെ വിശുദ്ധമാക്കുന്നതെന്ത്?
5. മക്കളായ നാം എപ്രകാരമാണ് കുടുംബത്തിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നത്?

# STD - V

## അദ്ധ്യാപക സഹായി

**പാഠം - അഞ്ച് കുടുംബം ഒരു ദൈവാലയം ഭാഗം - രണ്ട്**

### ലക്ഷ്യം

ദൈവം കഴിഞ്ഞാൽ പിന്നെ നാം നമ്മുടെ മാതാപിതാക്കളോട് കൂടുതൽ കടപ്പെട്ടിരിക്കുന്നു. മക്കളെ സ്നേഹിക്കുന്ന മാതാപിതാക്കളും, മാതാപിതാക്കളെ അനുസരിച്ച് ജീവിക്കുന്ന മക്കളും അടങ്ങുന്നതാണ് ഒരു ഉത്തമ കുടുംബം. ഞങ്ങളുടെ കുടുംബം തിരുക്കുടുംബം പോലെ ആയിത്തീരാൻ ഞങ്ങൾ പരസ്പരം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യും.

### പഠനസഹായികൾ

* CCC 2197, 2199, 2204, 2205, 2248
* ചിത്രം - തിരുക്കുടുംബം
* ബൈബിൾ വചനം - പുറ. 20:12, ലൂക്കാ. 2:51, എഫേ. 6:1-3, നിയമ. 5:16, പ്രഭാ.3:3-4

### പാഠത്തിന്റെ ഉള്ളടക്കം

* മാതാപിതാക്കളെ ബഹുമാനിക്കണം - മോശവഴി - ദൈവകല്പന (നിയമാ. 5:16)
* അപ്പൂപ്പൻ, അമ്മൂമ്മ, മുതിർന്നവരെ ബഹുമാനിക്കണം
* കുടുംബം - ത്യാഗം, പ്രാർത്ഥന, ബലി, സഹനം, പരസ്പര സ്നേഹം - ഒരു ദൈവാലയമാക്കുന്നു
* തിരുക്കുടുംബം, സ്നേഹവും അനുസരണയും
* കുടുംബപ്രാർത്ഥന + ഒരുമിച്ച് ഭക്ഷണം
* മാതാപിതാക്കളുടെ കടമകൾ, മക്കളുടെ കടമകൾ
* സ്നേഹപ്രകരണം

### പ്രാർത്ഥന

നല്ല ദൈവമേ, ഞങ്ങളുടെ മാതാപിതാക്കന്മാരെ അനുഗ്രഹിക്കണമേ. ഞങ്ങൾ എല്ലാവരും ഞങ്ങളുടെ മാതാപിതാക്കന്മാരെ സ്നേഹിച്ചും, ബഹുമാനിച്ചും ഉണ്ണിയേശുവിനെപ്പോലെ അനുസരണയിൽ വളർന്നുവരാനും, തിരുക്കുടുംബംപോലെ ഉത്തമ കുടുംബമായി മാറുവാനും അനുഗ്രഹിക്കണമേ. ആമ്മേൻ.

## ചോദ്യങ്ങൾ

1. അപ്പൂപ്പനോടും അമ്മൂമ്മയോടും എപ്രകാരമാണ് വർത്തിക്കേണ്ടത്?
2. കുടുംബം ഒരു ദൈവാലയമാകുന്നതെങ്ങനെ?
3. ഉത്തമകുടുംബം എന്നാലെന്ത്? നമ്മുടെ കുടുബത്തിന് ഉത്തമമാതൃക ഏത്?
4. മാതാപിതാക്കളോടും മുതിർന്നവരോടുമുള്ള കുട്ടികളുടെ കടമകൾ ഏവ?
5. 'സ്നേഹപ്രകരണം' എന്ന പ്രാർത്ഥന എഴുതുക.